കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം പണിയുന്നതിന് നടപടി

163 [1102] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഒരു സ്റ്റേഡിയം പണിയുന്നതിനും അതോടനുബന്ധിച്ച് കളിക്കാരെ വളർത്തിയെടുക്കുന്നതിന് ഒരു പരിശീലനകേന്ദ്രവും ആരംഭിക്കുവാൻ സർക്കാർ മുൻകൈയെടുക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകളെയും പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കളിസ്ഥലം നിർമ്മിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും ധനസഹായം നൽകുന്ന ഒരു പദ്ധതി സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്.

സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയംതൊഴിൽ മേഖലയിൽ പരിശീലനത്തിന് സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം അനുവദിച്ചുവരുന്നു. സാമൂഹ്യ തിൻമകൾക്കെതിരെ യുവജനങ്ങളെ സജ്ജരാക്കുന്നതിന് ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. കൂടാതെ, യുവജനങ്ങളുടെ കലാപരവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും മാറ്റുരയ്ക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വർഷംതോറും കേരളോൽസവം നടത്തിവരുന്നുണ്ട്.

ആലത്തൂരിൽ സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിന് നടപടി

164 [1103] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഒരു സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിന് 1994-ലെ ബഡ്ജറ്റിൽ അനുമതി നൽകുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും കണ്ടെത്തുന്നതിന് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(ഇ) നിർദ്ദിഷ്ട സ്പോർട്സ് സ്കൂൾ എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1994-1995-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആലത്തൂരിൽ ഒരു സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിനായി പ്രഖ്യാപനം നടത്തിയിരുന്നു.

(ബി) & (സി) 20-3-2005-ലെ ജി. ഒ. (എം‌എസ്.) 55/95/പൊ.വി. ഉത്തരവ് പ്രകാരം മറ്റ് രണ്ട് സ്കൂളുകൾ ഉൾപ്പെടെ ആലത്തൂരിൽ ഒരു സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിരുന്നു.

(ഡി) & (ഇ) ആലത്തൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പ്രസ്തുത സ്കൂളിനായി ഉപയോഗിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്കൂൾ സർക്കാർ മേഖലയിലോ സ്പോർട്സ് കൗൺസിലിന്റെ കീഴിലോ മറ്റ് ഏതെങ്കിലും എയ്ഡഡ് മേഖലയിലോ തുടങ്ങണമെന്നുള്ള വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കാതിരുന്നതിനാലാണ് തുടർനടപടികൾ എടുക്കാതിരുന്നത്.

കളിസ്ഥലങ്ങൾ വിപുലപ്പെടുത്താൻ ധനസഹായം

165 [1104] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു കളിസ്ഥലങ്ങളും സ്കൂൾ കളിസ്ഥലങ്ങളും വിപുലപ്പെടുത്തുന്നതിനും നന്നാക്കുന്നതിനും കായിക യുവജന കാര്യാലയം ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ധനസഹായമായി നൽകുന്നത്; വിശദാംശം വ്യക്തമാക്കുമോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ധനസഹായം ലഭിക്കുന്നതിനായി ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട വെള്ളിനേഴി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഓരോരോ സാമ്പത്തികവർഷവും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം അതാതു കൊല്ലം ലഭിക്കുന്ന അർഹമായ അപേക്ഷകളുടെ ആവശ്യകതയ്ക്ക് ആനുപാതികമായി തുക അനുവദിക്കുന്നു. ഈ വർഷത്തെ (2005-2006) ബഡ്ജറ്റിൽ 60 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

അപേക്ഷകരുടെ അർഹത വിലയിരുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly